(ബി & സി) കോർപ്പറേഷന്റെ ഉടമസ്ഥതയിൽ 17 പാചകവാതക വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ പരിഗണനയിലിരിയ്ക്കയാണ്. അത് പെട്രോളിയവും ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും മാനന്തവാടിയിലും മറ്റു 14 കേന്ദ്രങ്ങളിലും ഡീലർമാരെ ക്ഷണിച്ചു കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം കോർപ്പറേഷൻ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

ലാഭം മാർക്കറ്റുകളുടെ പ്രവർത്തനം

61 [375] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലാഭം മാർക്കറ്റുകളുണ്ട്;

(ബി) പുതുതായി എത്ര ലാഭം മാർക്കറ്റുകൾകൂടി തുടങ്ങുവാനാണ് നടപ്പു സാമ്പത്തിക വർഷം ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും എത്ര വീതം ലാഭം മാർക്കറ്റുകൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) കണ്ണൂർ ജില്ലയിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ലാഭം മാർക്കറ്റുകൾ എവിടെയെല്ലാമാണ്?

ഉത്തരം

(എ) 121 എണ്ണം.

(ബി) 79 എണ്ണം.

(സി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ചെറുപുഴ, ഇരിക്കൂർ, പിലാത്തറ, കൂത്തുപറമ്പ്, മട്ടന്നൂർ, പാനൂർ എന്നീ സ്ഥലങ്ങളിലാണ് പുതിയ ലാഭം മാർക്കറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം

62 [376] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിയമനത്തിൽ സംവരണ തത്വം പാലിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഒരു ജില്ലയിൽ താമസിക്കുന്ന അപേക്ഷകന് മറ്റു യോഗ്യതകൾ ഉണ്ടെങ്കിൽ അന്യ ജില്ലയിലെ ഫോറങ്ങളുടെ അദ്ധ്യക്ഷനോ, അംഗമോ ആയി നിയമിക്കപ്പെടുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ജില്ലകളിലെ ഫോറങ്ങളിലും സംസ്ഥാന ഫോറത്തിലും ഇപ്പോൾ ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ഫോറങ്ങൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തിരുവനന്തപുരത്ത് സംസ്ഥാന കമ്മീഷനും ജില്ലാ ഫോറത്തിനുമായും ഇടുക്കിയിൽ ജില്ലാ ഫോറത്തിനും, എറണാകുളത്ത് സംസ്ഥാന കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗിനും ജില്ലാ ഫോറത്തിനുമായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു. ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ കെട്ടിടങ്ങൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പത്തനംതിട്ട, കണ്ണൂർ, വയനാട്, തൃശ്ശൂർ, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട്, മലപ്പുറം ജില്ലാ ഫോറങ്ങൾക്ക് അതാത് കളക്ടറേറ്റുകളിൽ സൗകര്യപ്രദമായ കെട്ടിട സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഓഫീസ് ഉപകരണങ്ങൾ, നിയമ പുസ്തകങ്ങൾ, ഫോട്ടോ കോപ്പിയറുകൾ എന്നിവ എല്ലാ ഫോറങ്ങൾക്കും നൽകിയിട്ടുണ്ട്. സംസ്ഥാന കമ്മീഷനും ജില്ലാ ഫോറങ്ങൾക്കും കമ്പ്യൂട്ടറുകളും ഫാക്സ് മെഷീനുകളും ലഭ്യമാക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്.

(ബി) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുസരിച്ചാണ് ഉപഭോക്തൃ കോടതികളിൽ നിയമനം നടത്തുന്നത്. സംവരണ തത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തിവരുന്നത്.

(സി) ഇല്ല.

(ഡി) തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലെ ഫോറങ്ങളിൽ പ്രസിഡന്റിന്റേയും; പത്തനംതിട്ട, വയനാട്, മലപ്പുറം എന്നീ ജില്ലാ ഫോറങ്ങളിലും സംസ്ഥാന കമ്മീഷനിലും ഓരോ മെമ്പർമാരുടേയും ഒഴിവുകളാണ് ഇപ്പോഴുള്ളത്.

സാംസ്കാരിക വകുപ്പിന് സർക്കാർ സാമ്പത്തിക സഹായം

63 [378] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്ക്കാരിക വകുപ്പിനു കീഴിൽ ഏതെങ്കിലും സാംസ്കാരിക സ്ഥാപനങ്ങൾക്കോ മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ പ്രത്യേക സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly